AIISH-ൽ ലഭ്യമായ ചികിത്സകൾ എന്തൊക്കെയാണ്?

മുറിച്ചുണ്ടുള്ള കുട്ടികൾക്കും മുതിർന്നവർക്കുമായി AIISH-ൽ USOFA (Unit for structural and orofacial anomalies) യൂണിറ്റ് പ്രവർത്തിക്കുന്നു. ഘടനാപരവും ഓറോ ഫേഷ്യൽ അപാകതകളും ഉള്ള കുട്ടികൾക്ക് ഒന്നിലധികം പ്രൊഫഷണലുകൾ അടങ്ങുന്ന ടീമിന്റെ പരിശോധനയും ചികിത്സയും നൽകുക എന്നതാണ് ഈ യൂണിറ്റിന്റെ ലക്ഷ്യം.

ഈ അവസ്ഥയുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരു മെഡിക്കൽ സംഘം കൂടാതെ നോൺ-മെഡിക്കൽ സ്പെഷ്യലിസ്റ്റുകളും ഇതിൽ ഉൾപ്പെടുന്നു. ഈ സംഘത്തിൽ പ്ലാസ്റ്റിക്സർജൻ, പ്രോസ്റ്റോഡോണ്ടിസ്റ്റ്, ഓർത്തോഡോണ്ടിസ്റ്റ്, ഇ.എൻ.ടി സ്പെഷ്യലിസ്റ്റ്, ഓഡിയോളജിസ്റ്റ്, സ്പീച് ലാംഗ്വേജ് പാത്തോളജിസ്റ്റ്, സോഷ്യൽ വർക്കർ, മനശാസ്ത്രജ്ഞർ തുടങ്ങിയവരാണുള്ളത്.

മുച്ചുണ്ട് / മുറി അണ്ണാക്ക് എങ്ങനെ തടയാൻ കഴിയും ?

താഴെപ്പറയുന്ന മുൻകരുതലുകൾ എടുക്കുകയാണെങ്കിൽ മുച്ചുണ്ട്/മുറി അണ്ണാക്ക് തടയാൻ കഴിയും

- കുടുംബത്തിലെ ആർക്കെങ്കിലും മുച്ചുണ്ട് / മുറി അണ്ണാക്ക് ഉണ്ടെങ്കിൽ ഗർഭധാരണത്തിനുമുമ്പുള്ള ജനറ്റിക് കൗൺസിലിങ് നടത്തുക
- ഗർഭിണികൾ പോഷകസമൃദ്ധമായ ഭക്ഷണം കഴിക്കേണ്ടത് അത്യാവശ്യമാണ്
- മദ്യം അല്ലെങ്കിൽ പുകയില പോലുള്ള ഹാനികരമായ വസ്തുക്കളുടെ ഉപഭോഗം ഒഴിവാക്കുക
- ഗർഭകാലത്ത് ഡോക്ടറുടെ അനുമതിയോടു കൂടി മാത്രം മരുന്നുകൾ എടുക്കുക
- ഗർഭകാലത്ത് അപകടങ്ങളും വീഴ്ചകളും കഴിവതും ഒഴിവാക്കാൻ ശ്രദ്ധിക്കുക

CONTACT US

@AIISHMYSORE1 AIISH MYSURU AIISH Mysuru AIISH Mysuru

മുച്ചുണ്ട് / മുറിഅണ്ണാക്ക്

ഓരോപുഞ്ചിരിക്കുംഒരുകഥയുണ്ട്!!!



ഡിപ്പാർട്ട്മെന്റ് ഓഫ് പ്രിവെൻഷൻ ഓഫ് കമ്മ്യൂണിക്കേഷൻ ഡിസോർഡേഴ്സ്

ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച് ആൻഡ് ഹിയറിങ്

(ഭാരത സർക്കാരിന്റ് ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന് കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനം)

ISO 9001:2015 സാക്ഷ്യപ്പെടുത്തിയത്

നൈമിഷം ക്യാമ്പസ്, മാനസഗംഗോത്രി,മൈസൂർ- 570006

ഫോൺ: +91-0821 2502703 / 2502575, ടോൾ ഫ്രീ: 18004255218

ഇമെയിൽ : director@aiishmysore.in, വെബ്സൈറ്റ് : www.aiishmysore.in

@AIISHMYSORE1 AIISH MYSURU AIISH Mysuru AIISH Mysuru

എന്താണ് മുച്ചുണ്ട് / മുറിഅണ്ണാക്ക്?

അമ്മയുടെ ഗർഭപാത്രത്തിനുള്ളിൽ കുഞ്ഞ് വളരുമ്പോൾ, മുഖത്തിനോ ചുണ്ടിനോ ഉണ്ടാകുന്ന വൈകല്യങ്ങളാണ് മുച്ചുണ്ട് / മുറിഅണ്ണാക്ക്.

വായിൽ / ചുണ്ടിന്റെ ഭാഗത്തു ആവിശ്യത്തിന് ടിഷ്യു ഇല്ലാതിരിക്കുകയും അതുമൂലം ഘടനകൾ ശരിയായി സംയോജിക്കാതിരിക്കുകയും മൂലമാണ് ഇത് സംഭവിക്കുന്നത്.

3 വ്യത്യസ്തതരം അവസ്ഥകളാണുള്ളത്:

- മുച്ചുണ്ട് മാത്രം; മുറിഅണ്ണാക്ക് ഇല്ലാതെ
- മുറിഅണ്ണാക്ക് മാത്രം; മുച്ചുണ്ട് ഇല്ലാതെ
- മുച്ചുണ്ടും മുറിഅണ്ണാക്കും ഒന്നിച്ചു വരുന്ന അവസ്ഥ

മുച്ചുണ്ട് / മുറിഅണ്ണാക്കുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

- കുട്ടിക്ക് ഭക്ഷണം നല്കുന്നതിനുള്ള ബുദ്ധിമുട്ട്
- ഭക്ഷണം കഴിക്കുന്നതിലും വിഴുങ്ങുന്നതിലും ഉള്ള ബുദ്ധിമുട്ട്
- ഇടയ്ക്കിടെ ചെവിയിൽ ഉണ്ടാക്കുന്ന അണുബാധ
- ദന്തപ്രശ്നങ്ങൾ- പല്ലുകൾ ഇല്ലാതിരിക്കുക, അധികപല്ലുകൾ, പല്ലുകൾ സ്ഥാനം തെറ്റി വരുന്നത്
- സംസാരത്തിലും ഭാഷാ വികസനത്തിലും ഉണ്ടാകുന്ന കാലതാമസം
- അവ്യക്തമായ സംസാരം (മൂക്കിലൂടെ സംസാരിക്കുന്നപോലെ തോന്നുന്നത്, സംസാരിക്കുമ്പോൾ മൂക്കിലൂടെ ശ്വാസം പുറത്തേക്കു പോകുന്നത്)

ഏതു പ്രായത്തിലാണ് ഇത് സാധാരണയായി കാണാറുള്ളത് ?

ഈ പ്രശ്നത്തിന്റെ തുടക്കം ജനനം മുതൽ കാണപ്പെടുന്നതാണ്. ഭ്രൂണവളർച്ചയുടെസമയത്ത്, പ്രത്യേകിച്ച് ഗർഭാവസ്ഥയുടെ ആദ്യ മൂന്ന്മാസത്തിൽ ഈ ഘടനാപരമായ വൈകല്യങ്ങൾ ഉണ്ടാകാറുണ്ട്.

മുച്ചുണ്ട് / മുറിഅണ്ണാക്ക് അവസ്ഥ എങ്ങനെ നിർണ്ണയിക്കാം ?

ഗർഭത്തിൻറെ ആദ്യ ഘട്ടങ്ങളിൽ തന്നെ മുച്ചുണ്ട് അഥവാ മുറിഅണ്ണാക്ക് തിരിച്ചറിയാൻ കഴിയും. പ്രസവത്തിനു മുമ്പുള്ള അൾട്രാസൗണ്ട് സ്കാനിങ്ങിലൂടെ ഇത് വ്യക്തമാകുന്നതാണ്. അല്ലെങ്കിൽ, കുഞ്ഞു ജനിക്കുമ്പോൾ തന്നെ അതിന്റെ ഘടനയിലുള്ള വൈകല്യം നോക്കി തിരിച്ചറിയാൻ കഴിയും.

മുച്ചുണ്ട് / മുറി അണ്ണാക്കിന്റെ ചികിത്സകൾ എന്തൊക്കെയാണ് ?

ശസ്ത്രക്രിയ : ഘടനാപരമായ അപാകതകൾ പരിഹരിക്കാനുള്ള ആദ്യ പടി ശസ്ത്രക്രിയയാണ് . ഇന്ത്യയിലെ സ്മൈൽട്രെയിൻ എന്ന സംഘടന മുച്ചുണ്ട്/മുറി അണ്ണാക്കുള്ള കുട്ടികൾക്ക് 100% സൗജന്യ ശസ്ത്രക്രിയയും കുട്ടികളുടെ സമഗ്രമായ പരിചരണവും പിന്തുണയ്ക്കുന്നു. പല ആശുപത്രികളിലും മുച്ചുണ്ടിന്റെ ശസ്ത്രക്രിയ സൗജന്യമാണ്. മുച്ചുണ്ടിന്റെ ശസ്ത്രക്രിയ 6 മാസത്തിനുള്ളിലും മുറിഅണ്ണാക്കിന്റെ ശസ്ത്രക്രിയ ഒരുവയസ്സിനുള്ളിലും നടത്തി ശരിയാക്കുന്നു. നേരത്തെയുള്ള ശസ്ത്രക്രിയ മികച്ച സംസാരത്തിനും ഭാഷാവികസനത്തിനും അത്യാവശ്യമാണ്.

Cleft palate before and after surgery

Before

After

Cleft lip before and after surgery

Before

After

പ്രോസ്തെസിസ് : ശസ്ത്രക്രിയയ്ക്കു ശേഷവും മുറി അണ്ണാക്ക് അവശേഷിക്കുന്നുവെങ്കിൽ പ്രോസ്തെസിസ് ഉപയോഗിച്ച് സംസാരം മെച്ചപ്പെടുത്താനും ഭക്ഷണം കഴിക്കുമ്പോളുള്ള ബുദ്ധിമുട്ടു ഒഴിവാക്കാനും സാധിക്കുന്നു.

സ്പീച്ച്തെറാപ്പി: ഒരു സ്പീച്ച് ലാംഗേജ് പാത്തോളജിസ്റ്റ് പ്രധാനമായും വായിലെ ഘടനകളായ നാക്ക്, ചുണ്ട് മുതലായവയുടെ ശക്തി മെച്ചപ്പെടുത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതുവഴി നോൺ- സ്പീച്ച് ടാസ്കുകൾ (ഊതുന്നത് , വലിച്ചു കുടിക്കുന്നത് മുതലായവ) കൂടാതെ /pa/,/ba/,/sa/ തുടങ്ങിയ ശബ്ദങ്ങൾ ഉച്ചരിക്കാൻ സഹായിക്കുന്നു . ഇത് സാധാരണയായി നിർവഹിക്കുന്നത് വായിലെ വിവിധ ഘടനകൾക്ക് പലതരത്തിലുള്ള വ്യായാമങ്ങൾ നൽകിയാണ് , അതുവഴി ഉച്ചാരണം വ്യക്തമാകുന്നു.